## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1596

13.07.2016-ൽ മറുപടിയ്ക്ക്

## വയോജന സംരക്ഷണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.തിലോത്തമൻ: | ഡോ.എം.കെ.മുനീർ,<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ)<br>വൃദ്ധജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വൃദ്ധസദനങ്ങളിൽ ആകെ എത്ര അന്തേവാസികളുണ്ട് എന്നു വ്യക്തമാക്കുമോ; | (എ)<br>വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായി വകുപ്പിൻെറ കീഴിൽ 15 വൃദ്ധസദനങ്ങളും സന്നദ്ധ സംഘടനകൾ നടത്തുന്ന 154 സ്ഥാപനങ്ങളും പ്രവർത്തിച്ചു വരുന്നുണ്ട്. സംയോജിത വയോജന വികസന പദ്ധതി പ്രകാരം നടത്തുന്ന സംഘടനകൾക്ക് ഗ്രാൻറ് നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതി നിലവിലുണ്ട്.<br>വയോജനങ്ങളുടെ ക്ഷേമത്തിനായി വിവിധ പരിപാടികൾ നടപ്പിലാക്കുന്നതിന് വയോജനനയം അംഗീകരിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം വയോജനക്ഷേമത്തിനായി സംസ്ഥാന കൗൺസിലും ജില്ലാ കൗൺസിലും രൂപീകരിച്ചിട്ടുണ്ട്.<br>മെയിൻറനൻസ് ആൻറ് വെൽഫെയർ ഓഫ് പാരൻറ്സ് ആൻറ് സീനിയർ സിറ്റിസൺസ് ആക്ട്, ആയതിൻെറ റൂൾസ് എന്നിവ പ്രകാരം ഓരോ സബ് ഡിവിഷനിലും RDO മാരുടെ അദ്ധ്യക്ഷതയിൽ മെയിൻറനൻസ് ട്രിബ്യൂണലും ജില്ലകളിൽ കളക്ടർ |

| | |
|---|---|
| | അദ്ധ്യക്ഷനായി അപ്പലേറ്റ് ട്രിബ്യൂണലുകൾ സ്ഥാപിച്ചിട്ടുണ്ട്. ആശുപത്രികളിൽ ചികിത്സയ്ക്ക് ശേഷം സംരക്ഷിക്കാനാളില്ലാത്തത് കാരണം ആശുപത്രികളിൽ തന്നെ കഴിഞ്ഞു വരുന്നതായ വൃദ്ധജനങ്ങളെ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ പുനരധിവസിപ്പിക്കാനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വൃദ്ധസദനങ്ങൾക്കും ഡേ കെയർ സെൻററുകൾക്കും ആവർത്തന ചെലവുകൾക്ക് ഫണ്ട് അനുവദിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br>വകുപ്പ് നടത്തുന്ന 15 വൃദ്ധ സദനങ്ങളിലായി 737 അന്തേവാസികൾ ഉണ്ട്. |
| (ബി) നിരാലംബരായ വൃദ്ധജനങ്ങളുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യം പരിഗണിച്ച് ജീവിത സായാഹ്നത്തിൽ ഇവരെ ശുശ്രൂഷിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി വൃദ്ധസദനങ്ങളിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) തിരുവനന്തപുരം ചാക്കയിൽ പ്രവർത്തിക്കുന്ന വൃദ്ധമന്ദിരം മാറ്റി പ്രവർത്തിപ്പിക്കുന്നതിലേക്കായി തിരുവനന്തപുരം പുലയനാർകോട്ടയിൽ 2.73 ഏക്കർ സ്ഥലത്ത് 4 കോടിയിലധികം രൂപ ചെലവ് ചെയ്ത് ആധുനിക സൗകര്യത്തോടുകൂടി 150 വൃദ്ധ ജനങ്ങളെ പ്രവേശിപ്പിക്കത്തക്ക തരത്തിൽ വൃദ്ധമന്ദിരം കെട്ടിട നിർമ്മാണ പണി പുരോഗമിച്ചു വരുന്നു. വകുപ്പിന്റെ മറ്റ് സ്ഥാപനങ്ങളിൽ പ്രവർത്തിച്ചിരുന്ന ആലപ്പുഴ, വയനാട് ജില്ലയിലെ വൃദ്ധസദനങ്ങൾക്ക് പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയായി വരുന്നു. പത്തനംതിട്ടയിൽ പുതിയതായി വൃദ്ധമന്ദിരത്തിന് 2 നില കെട്ടിടം പണിയുന്നുണ്ട്. കോഴിക്കോട് വൃദ്ധമന്ദിരത്തോട് അനുബന്ധിച്ച് [illegible] സൗകര്യത്തോടെ കൂടുതൽ ആൾക്കാരെ |

| | |
|---|---|
| | പ്രവേശിപ്പിക്കുവാൻ തക്കവിധം സജ്ജീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. വകുപ്പിലെ വൃദ്ധ സദനങ്ങൾ ഉൾപ്പെടെയുള്ള ക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അന്തേവാസികൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഉദ്ദേശം കൊണ്ട് ക്ഷേമ സ്ഥാപനങ്ങളോട് അനുബന്ധിച്ച് മാനേജ്മെൻറ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ്/കോർപ്പറേഷൻ/മുൻസിപ്പാലിറ്റി ക്ഷേമ കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ചെയർപേഴ്സണായിട്ടുള്ള കമ്മിറ്റിയാണിത്. |
| (സി)<br>ചേർത്തലയിലുള്ള വൃദ്ധസദനത്തിൽ എത്ര പേർക്കാണ് താമസ സൗകര്യമുള്ളത് എന്നും കുടുതൽ പേരെ പ്രവേശിപ്പിക്കുന്നതിനും സദനത്തിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ എന്നും അറിയിക്കുമോ? | (സി)<br>നിലവിൽ 25 അന്തേവാസികളെ പ്രവേശിപ്പിക്കുവാനുള്ള സൗകര്യമാണുള്ളത്. നിലവിലുള്ള വൃദ്ധസദനത്തിന് സമീപം കേരള ഹെൽത്ത് റിസർച്ച് വെൽഫെയർ സൊസൈറ്റി 43.75 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം പുതിയ വൃദ്ധമന്ദിരം നിർമ്മിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ